തുഞ്ചത്ത് എഴുത്തച്ഛൻ
# മലയാളസർവ്വകലാശാല

നം. 373/എ1/2022/അഡ്മിൻ 22.11.2023

## 2023-24 വർഷത്തെ വിദ്യാർത്ഥി യൂണിയൻ, പൊതുസഭാ പ്രതിനിധി തിരഞ്ഞെടുപ്പ് വിജ്ഞാപനം

വൈസ് ചാൻസലറുടെ ഉത്തരവ് പ്രകാരം തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവ്വകലാശാല 2023-24 വർഷത്തെ വിദ്യാർത്ഥി യൂണിയൻ തിരഞ്ഞെടുപ്പ് താഴെപ്പറയുന്ന മാതൃകയിലും സമയക്രമത്തിലും 30.11.2023 ന് നടത്തുന്നതാണ്. എന്തെങ്കിലും കാരണവശാൽ പ്രഖ്യാപിത തീയതി പൊതുഅവധിയാവുകയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തിദിവസം തിരഞ്ഞെടുപ്പ് നടക്കുന്നതായിരിക്കും. തിരഞ്ഞെടുപ്പ് വിജ്ഞാപനം പ്രസിദ്ധീകൃതമാകുന്നതോടെ തിരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വരുന്നതായിരിക്കും.

സർവകലാശാല ഫാക്കൽറ്റികളിലെ മുഴുവൻ വകുപ്പുകളിലെയും മുഴുവൻ ക്ലാസ്സുകളിൽ നിന്ന് വിദ്യാർത്ഥികളും ഗവേഷകരും ചേർന്ന് താഴെപ്പറയുന്ന വിദ്യാർത്ഥി യൂണിയൻ ഭാരവാഹികളെ തിരഞ്ഞെടുക്കുന്നതാണ്.

### 1. വിദ്യാർത്ഥി യൂണിയൻ ഭാരവാഹികൾ

| | | |
|---|---|---|
| 1. | ചെയർപേഴ്സൺ | - ഓപ്പൺ |
| 2. | വൈസ് ചെയർപേഴ്സൺ | - 1. സ്ത്രീ സംവരണം<br>2. ഓപ്പൺ |
| 3. | ജനറൽ സെക്രട്ടറി | - ഓപ്പൺ |
| 4. | ജോയിന്റ് സെക്രട്ടറി | - 1. സ്ത്രീ സംവരണം<br>2. ഓപ്പൺ |
| 5. | മാഗസിൻ എഡിറ്റർ | - ഓപ്പൺ |
| 6. | ഫൈൻ ആർട്സ് സെക്രട്ടറി | - ഓപ്പൺ |
| 7. | സ്പോർട്സ് സെക്രട്ടറി | - ഓപ്പൺ |

ഇതു കൂടാതെ 11 അസോസിയേഷൻ സെക്രട്ടറിമാരെയും പൊതുസഭയിലേക്ക് പി.ജി. മണ്ഡലത്തിൽ നിന്നും ഒരു വിദ്യാർത്ഥി പ്രതിനിധിയെയും തിരഞ്ഞെടുക്കുന്നതാണ്.

2. അസോസിയേഷൻ സെക്രട്ടറിമാർ (ആകെ - 11)

| ക്രമ നമ്പർ | അസോസിയേഷൻ | സെക്രട്ടറിമാരുടെ എണ്ണം | വോട്ടർമാർ |
|---|---|---|---|
| 1 | അസോസിയേഷൻ സെക്രട്ടറി (ഭാഷാശാസ്ത്രം) | 1 | എം.എ.ഭാഷാശാസ്ത്രം (ഒന്നും രണ്ടും വർഷ വിദ്യാർത്ഥികൾ) |
| | | | ഭാഷാശാസ്ത്ര ഗവേഷകർ |
| 2 | അസോസിയേഷൻ സെക്രട്ടറി (സാഹിത്യപഠനം) | 1 | എം.എ.മലയാളം (സാഹിത്യപഠനം) (ഒന്നും രണ്ടും വർഷവിദ്യാർത്ഥികൾ) |
| | | | സാഹിത്യപഠന ഗവേഷകർ |
| 3 | അസോസിയേഷൻ സെക്രട്ടറി (സാഹിത്യരചന) | 1 | എം.എ. മലയാളം (സാഹിത്യരചന) (ഒന്നും രണ്ടും വർഷ വിദ്യാർത്ഥികൾ) |
| | | | സാഹിത്യരചന ഗവേഷകർ |
| 4 | അസോസിയേഷൻ സെക്രട്ടറി (സംസ്കാരപൈതൃകപഠനം) | 1 | എം.എ. മലയാളം (സംസ്കാരപൈതൃകപഠനം) (ഒന്നും രണ്ടും വർഷ വിദ്യാർത്ഥികൾ) |
| | | | സംസ്കാരപൈതൃകപഠന ഗവേഷകർ |
| 5 | അസോസിയേഷൻ സെക്രട്ടറി (മാധ്യമപഠനം) | 1 | എം.എ. ജേർണലിസം & മാസ് കമ്മ്യൂണിക്കേഷൻ (ഒന്നും രണ്ടും വർഷ വിദ്യാർത്ഥികൾ) |
| | | | മാധ്യമപഠന ഗവേഷകർ |
| 6 | അസോസിയേഷൻ സെക്രട്ടറി (പരിസ്ഥിതിപഠനം) | 1 | എം.എ പരിസ്ഥിതിപഠനം,എം.എസ്.സി. പരിസ്ഥിതിപഠനം (ഒന്നും രണ്ടും വർഷ വിദ്യാർത്ഥികൾ) |
| | | | പരിസ്ഥിതിപഠന ഗവേഷകർ |
| 7 | അസോസിയേഷൻ സെക്രട്ടറി (വികസനപഠനം) | 1 | എം.എ. വികസനപഠനവും തദ്ദേശവികസനവും (ഒന്നും രണ്ടും വർഷ വിദ്യാർത്ഥികൾ) |
| | | | വികസനപഠന ഗവേഷകർ |
| 8 | അസോസിയേഷൻ സെക്രട്ടറി (ചരിത്രപഠനം) | 1 | എം.എ. ചരിത്രപഠനം (ഒന്നും രണ്ടും വർഷ വിദ്യാർത്ഥികൾ) |
| | | | ചരിത്രപഠന ഗവേഷകർ |
| 9 | അസോസിയേഷൻ സെക്രട്ടറി (സോഷ്യോളജി) | 1 | എം.എ. സോഷ്യോളജി (ഒന്നും രണ്ടും വർഷ വിദ്യാർത്ഥികൾ) |
| | | | സോഷ്യോളജി ഗവേഷകർ |
| 10 | അസോസിയേഷൻ സെക്രട്ടറി (ചലച്ചിത്രപഠനം) | 1 | എം.എ. ചലച്ചിത്രപഠനം (ഒന്നും രണ്ടും വർഷ വിദ്യാർത്ഥികൾ) |
| | | | ചലച്ചിത്രപഠന ഗവേഷകർ |

| | | | |
|---|---|---|---|
| 11 | അസോസിയേഷൻ സെക്രട്ടറി (എഴുത്തച്ഛൻപഠനം) | 1 | താരതമ്യസാഹിത്യ-വിവർത്തനപഠന വിദ്യാർത്ഥികൾ<br>എഴുത്തച്ഛൻപഠനസ്കൂൾ ഗവേഷകർ |

**3. പൊതുസഭ വിദ്യാർത്ഥി പ്രതിനിധി (ആകെ - 1)**

| ക്രമ നമ്പർ | മണ്ഡലം | പ്രതിനിധി കളുടെ എണ്ണം | വോട്ടർമാർ |
|---|---|---|---|
| 1 | ബിരുദാനന്തരബിരുദം | 1 | എല്ലാ സ്കൂളുകളിലെയും ഒന്നും രണ്ടും വർഷ എം.എ. വിദ്യാർത്ഥികൾ |

**4. 2023-24 വിദ്യാർത്ഥി യൂണിയൻ - പൊതുസഭ വിദ്യാർത്ഥി പ്രതിനിധി**

**തിരഞ്ഞെടുപ്പുകളുടെ സമയക്രമം**

1. 22.11.2023 - തിരഞ്ഞെടുപ്പ് വിജ്ഞാപനം പുറപ്പെടുവിക്കലും നാമനിർദ്ദേശ പത്രികാ സമർപ്പണത്തിന്റെ ആരംഭവും.
2. 22.11.2023 - തിരഞ്ഞെടുപ്പ് സംബന്ധിച്ച സംശയനിവാരണവും സ്പഷ്ടീകരണവും ഉച്ചയ്ക്ക് ശേഷം 3 മണി.
3. 24.11.2023 - നാമനിർദ്ദേശപത്രികാസമർപ്പണത്തിന്റെ സമാപനം. ഉച്ചയ്ക്ക് 12 മണി വരെ.
4. 24.11.2023 - നാമനിർദ്ദേശപത്രികകളുടെ സൂക്ഷ്മപരിശോധന 1 മണി. തുടർന്ന് സാധുവായ നാമനിർദ്ദേശപത്രികകൾ സമർപ്പിച്ചവരുടെ പേരുവിവരം പ്രദർശിപ്പിക്കൽ വൈകുന്നേരം 5 മണി.
5. 25.11.2023 - നാമനിർദ്ദേശം പിൻവലിക്കാനുള്ള അവസാന അവസരം ഉച്ചയ്ക്ക് 2 മണി വരെ.
6. 27.11.2023 - അന്തിമ സ്ഥാനാർത്ഥി പട്ടിക പ്രദർശനം ഉച്ചയ്ക്ക് ശേഷം 3 മണി.
7. 28.11.2023 - പ്രചാരണം ആരംഭം.
8. 29.11.2023 - പ്രചാരണം അവസാനം. (വൈകുന്നേരം 3.30 വരെ.)
9. 29.11.2023 - സ്ഥാനാർത്ഥിപരിചയം (മീറ്റ് ദ കാൻഡിഡേറ്റ്സ്) ആവശ്യമെങ്കിൽ മാത്രം ഉച്ചയ്ക്ക് 2 മണിക്ക്
10. 30.11.2023 - തിരഞ്ഞെടുപ്പ് (ആവശ്യമെങ്കിൽ) രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 1 മണി വരെ (തിരഞ്ഞെടുപ്പ് ദിനം ഏതെങ്കിലും കാരണവശാൽ അവധിയാണെങ്കിൽ തൊട്ടടുത്ത ദിവസം തിരഞ്ഞെടുപ്പ് നടക്കുന്നതായിരിക്കും)
11. 30.11.2023 - ഉച്ചകഴിഞ്ഞ് 2.00 മുതൽ വോട്ടെണ്ണൽ. തുടർന്ന് ഫലപ്രഖ്യാപനം.

വരണാധികാരി

വാക്കാട്
22.11.2023